# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ആലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in
**ഫോൺ :** 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ -ഇ.കെ.എം (p13)1766/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ -ഇ.കെ.എം (p13)1766/2022

തീയ്യതി: 10/11/2022

**എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2022 | 30-09-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|

| | |
|---|---|
| 23-09-2022 | 30-09-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സാലി ജോസഫ് , ഓഡിറ്റ് ഓഫീസർ
സജീവ് എൻ.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ബെറ്റ്സി സി.എക്സ്., ഓഡിറ്റർ,

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി എം മനാഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| പ്രീത വി പ്രഭു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 11-04-2021 |
| മഹേഷ് കുമാർ പി കെ | സെക്രട്ടറി | 12-04-2021 | 23-01-2022 |
| ലതാ പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2022 | 23-02-2022 |
| ജോർജ്ജ് വി | സെക്രട്ടറി | 24-02-2022 | 31-03-2022 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീത വി പ്രഭു | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| ലതാ പി | അസി.സെക്രട്ടറി | 14-07-2021 | 31-03-2022 |
| അമലു വി ഗോപാൽ | അസി. എൻജിനിയർ | 01-04-2021 | 31-03-2022 |
| സിബി വി ജി | കൃഷി ഓഫീസർ | 01-04-2021 | 30-09-2021 |
| നൈമ നൌഷാദ് അലി | കൃഷി ഓഫീസർ | 01-10-2021 | 25-10-2021 |
| ചിന്നു ജോസഫ് | കൃഷി ഓഫീസർ | 26-10-2021 | 31-03-2022 |
| ഡോ.ഫിലോമിന അലോഷ്യസ് | മെഡിക്കൽ ഓഫീസർ , FHC | 01-04-2021 | 31-03-2022 |
| ഡോ. അൻജിത ബോസ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.രജനി രാമൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഷീന ജോസഫ് | ഹെഡ് മാസ്റ്റർ | 01-04-2021 | 31-08-2021 |
| ഫൌസിയ വി എം | ഹെഡ് മാസ്റ്റർ | 01-09-2021 | 31-03-2022 |
| ജയൻ കെ എൻ | വി ഇ ഒ ആലങ്ങാട് | 01-04-2021 | 31-03-2022 |
| സിമ്മി യു ബി | വി ഇ ഒ നീറിക്കോട് | 01-04-2021 | 31-03-2022 |
| സുനിൽ കുമാർ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2021 | 31-05-2021 |
| സ്റ്റഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-06-2021 | 31-08-2021 |
| മെരിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-09-2021 | 31-03-2022 |
| ഡോ.മഞ്ജു ജോസഫ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2021 | 31-03-2022 |
| റസിയ കെ എ | ICDS സൂപ്പർ വൈസർ | 01-04-2021 | 30-11-2021 |
| അനിത ആനി മാത്യു | ICDS സൂപ്പർ വൈസർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | തൊഴിൽ നികുതി -അപാകതകൾ | 1-12 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 15 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത. | 1-14 |
| 16 | വാടക കുടിശ്ശിക ഈടാക്കിയില്ല. | 1-15 |
| 17 | സാക്ഷരതാ പ്രേരകിന് ഓണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല | 1-16 |
| 18 | വളം വാങ്ങൽ - അധിക തുക നല്കി | 1-17 |
| 19 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ | 1-18 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-19 |
| 21 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തികരിക്കുന്നില്ല | 1-20 |
| 22 | തെരുവു വിളക്കു പരിപാലനം - അപാകതകൾ | 1-21 |
| 23 | തെരുവ് വിളക്ക് പൂർണ്ണമായും മീറ്ററിംങ് സമ്പ്രദായത്തിലാക്കിയില്ല. | 1-22 |
| 24 | ഭീമമായ വെള്ളക്കരം പഞ്ചായത്തിൽ നിന്ന് നല്കുന്നു. | 1-23 |
| 25 | അനർഹമായി ജി.എസ്.ടി. അനുവദിച്ചു | 1-24 |
| 26 | ശാരിരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - തുക അധികം നല്കി. | 1-25 |
| 27 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-26 |

| | | |
|---|---|---|
| 28 | ഒളനാട് താളുപാടം റോഡ് പുനരുദ്ധാരണം - വാർഡ് -17 - അധിക ചെലവ് വന്നിട്ടുണ്ട്. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021ൽ നടന്ന യോഗത്തിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.03.2022ൽ നടന്ന യോഗത്തിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022ലെ പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022ലെ വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 1,76,07,812 | 3,02,09,636 | (+)1,26,01,824 |
| വരവ് | 41,46,77,543 | 14,46,54,008 | (-)27,00,23,535 |
| ആകെ | 43,22,85,355 | 17,48,63,644 | (-)25,74,21,711 |
| ചെലവ് | 41,07,71,864 | 13,60,52,724 | (-)27,47,19,140 |
| നീക്കിയിരുപ്പ് | 2,15,13,491 | 3,88,10,920 | (+)1,72,97,429 |

ബജറ്റ് പ്രകാരമുള്ള വരവും വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 27.00 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 27.4 കോടി രൂപയുടെയും വ്യത്യാസമുണ്ട്. തൊഴിലുറപ്പ് പദ്ധതികൾക്കായുള്ള വരവുകളും ക്ഷേമപെൻഷൻ തുകയും ഉൾപ്പെടെ ആകെ 13.5 കോടിയോളം രൂപയുടെ വരവ്-ചെലവുകൾ പരിഗണിച്ചാൽ പോലും 14 കോടിയോളം രൂപയുടെ വ്യത്യാസമുണ്ട്. അതായത് ബജറ്റും യഥാർത്ഥ വരവും ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ്-ചെലവുകൾ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

2021-22 വർഷം വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധിക്കപ്പെട്ടു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(1) വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയപ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(2) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

(3) സ്ഥാപന തൊഴിൽനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ രജിസ്റ്ററുകൾ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ ഡിമാന്റ്, പിരിവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

(4) RP 14 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് ഇനത്തിൽ AFS ൽ 80,039/- രൂപയാണ് ചേർത്തിട്ടുള്ളത്. ചെലവുരേഖ പ്രകാരം 1,45,510/- രൂപ ചെലവുണ്ട്

(5) ധനകാര്യ കമ്മീഷൻ ഗ്രാന്റ്- പെർഫോർമൻസ് ഗ്രാന്റ് (Unspent Balance) , Tied , Untied Grant എന്നിവയുടെ ബാലൻസ് തുക ലെഡ്ജർ , എ സി ആർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

(6) RP 16 മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻ ആയുർവേദ – മാനുഫാക്ച്വറിംഗ് ഓഫ് മെഡിസിൻ എന്ന ഹെഡിൽ 9,94,180/- ചേർത്തിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(7) RP-40(B) 450210102 എന്ന ഹെഡിൽ Co–Operatieve Bank Account Of Own Fund ബാലൻസ് തുക 17,116/- രൂപയുണ്ട് . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(8) Audit Recovery വാർഷിക ധനകാര്യപത്രിക പ്രത്യേക ഹെഡ് ഓഫ് അക്കൌണ്ടിൽ ഉൾപ്പടുത്തിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകളിൽ ക്രമ നം. 4 ഹെഡ് മാറിയതായും മറ്റ് അപാകത തുടർന്ന് പരിഹരിക്കുന്നതായും അറിയിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 31.07.2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,02,09,636 |
| ഓഡിറ്റ് വർഷത്തെ വരവ് | 14,46,54,008 |

| | |
|---|---|
| ആകെ | 17,48,63,644 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 13,60,52,724 |
| നീക്കിയിരിപ്പ് | 3,88,10,920 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,37,339 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക | സോഴ്സ് ഡിഡക്ഷൻ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 18113267 | 18113267 | 15945837 | 2167430 | 1945600 |
| വികസന ഫണ്ട്-എസ്.സി.പി | | 12472933 | 12472933 | 9534615 | 2938318 | 66000 |
| വികസന ഫണ്ട്-ടി.എസ്.പി | | 25400 | 25400 | - | 25400 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് – ബേസിക് ഗ്രാന്റ്) | | 12037937 | 1203737 | 2396896 | 5886041 (ലാപ്സായ തുക) 37,55,000 (നീക്കിയിരുപ്പ്) | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | | 7005756 | 7005756 | 5634819 | 1309712 (ലാപ്സായ തുക) 61235 (നീക്കിയിരുപ്പ്) | |
| മെയിന്റനൻസ് ഫണ്ട് റോഡ് | | 43545274 | 43545274 | 31035459 | 12509815 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 8103148 | 8103148 | 3516621 | 4586527 | |
| സാക്ഷരത | 43064 | 1226 | 44290 | 0 | 44290 | |
| സാനിട്ടേഷൻ | 4931494 | 210000 | 5141494 | 2233239 | 2908255 | |
| അങ്കണവാടി പൂരക പോഷകാഹാരം | 217102 | 1290976 | 1508078 | 877166 | 630912 | |
| ദേശീയ വികലാംഗ ക്ഷേമ വിഹിതം | 36914 | 507310 | 544224 | 192000 | 352224 | |
| ലൈഫ് സെന്റർ ഷെയർ | 110000 | - | 110000 | - | 110000 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 19,71,28,119 | 146 | 9,13,68,372 | 3 | 71 | 66.36 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 29042 | 1539007 | 1568049 | 1131570 | 436479 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 40161518 | 40161518 | 40161518 | 0 |
| ആകെ | 29042 | 41700525 | 41729567 | 41293088 | 436479 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8835500.00 | 523 |
| വിധവാപെൻഷൻ | 27580100.00 | 1819 |
| വാർദ്ധക്യകാലപെൻഷൻ | 50769200.00 | 3585 |
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 780100.00 | 515 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1124400.00 | 74 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 900000 | 30 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2022ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,023/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. പൊതു മരാമത്ത് പ്രവൃത്തികൾ സമയോചിതമായി പൂർത്തീകരിക്കുന്നില്ല.
2. ചില കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. കയ്യെഴുത്ത് രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്.
3. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തിരിച്ച് തയ്യാറാക്കി ആയത് പ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകളിൽ അധികാരികൾ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2021 – 30.09.2021 | 01.10.2020 – 31.3.2021 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2014 | 2009-10 To 2013-14 | 10.11.2014 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലം മൂലം ആകെയുള്ള 21 വാർഡുകൾ നിയമ പ്രകാരമുള്ള ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. സ്ഥാപനത്തിന്റെ മുഖ്യവികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്ന രീതിയിൽ ഗ്രാമസഭായോഗത്തിന്റെ കാര്യപരിപാടി രൂപപ്പെടുത്തിയിട്ടുണ്ട്. ഗ്രാമസഭയിൽ പങ്കെടുക്കുന്നവരിൽ നിന്നും അഭിപ്രായങ്ങൾ ആരായുകയും മിനിറ്റ്സിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി -അപാകതകൾ

താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു. കുറവ് വന്ന തുക ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| പേര്/സ്ഥാപനം | 2021-22 ശമ്പളം(രൂ.)/ രസീത് നം. / തീയതി | തൊഴിൽ നികുതി | | |
|---|---|---|---|---|
| | | ഈടാക്കേണ്ടത്(രൂ.) | ഈടാക്കിയത്(രൂ.) | കുറവ് ഈടാക്കിയത്(രൂ.) |
| 1. ഓഫീസ് ഓഫ് ദി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, സബ് ഡിവിഷൻ , ആലങ്ങാട്. | | | | |
| 1. ബിജുമോൻ വി.സി. ക്ലർക്ക് | 172880/- ഒന്നാം അർദ്ധവർഷം. | 1250 | 250/- (ഈടാക്കിയരസീത് നം. 1210100797/തീ. 06.10.2021) | 1,000/- |

2. ടി.വി.എസ്. സപ്ലൈ ചെയിൻ സൊല്യൂഷൻസ്

അർദ്ധവാർഷിക വരുമാനപത്രികകൾ ആവശ്യം വേണ്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ശരിയായ പ്രൊഫോർമയിൽ സ്വീകരിച്ചിട്ടില്ല. ജീവനക്കാരുടെ ശമ്പളം രേഖപ്പെടുത്തിയിട്ടില്ല. ശമ്പളം രേഖപ്പെടുത്താത്ത

അർദ്ധവാർഷിക വരുമാനപത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതിന്റെ കൃത്യത വ്യക്തമല്ല.

3. അപരാജിത ഡൈനമിക് സിനർജീസ്, രണ്ടാം അർദ്ധവർഷം, രസീത് നം.1210107641/തീയതി 26.03.2022.

ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള, പരമാവധി തൊഴിൽ നികുതി തെറ്റായ സ്ലാബ് അടിസ്ഥാനത്തിലാണ് ഈടാക്കിയിരിക്കുന്നത്. ശരിയായ സ്ലാബ് അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽ നികുതി കുടിശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ തന്നെ കുടിശ്ശിക ഈടാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമാകാത്ത രീതിയിൽ കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്നു. തൊഴിൽ നികുതി കുടിശിക ഡിമാൻറ് രജിസ്റ്ററിൽ കുടിശിക രേഖപ്പെടുത്തി സൂക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/29.09.22) അപാകതകൾ പരിഹരിക്കാമെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ, ലൈസൻസ് ലഭിക്കുന്നതിന് നൽകിയിട്ടുള്ള വിവരങ്ങൾ പ്രകാരം, രണ്ടോ അതിലധികമോ പേർ തൊഴിലെടുക്കുന്നതായി കാണുന്നു. എന്നാൽ അവരിൽ നിന്നും 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽനികുതി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനം. | സ്ഥാപനം | ലൈസൻസ് നം. |
|---|---|---|
| 1. | തിരുവാലൂർ ക്ഷീരോത്പാദക സഹകരണസംഘം, മാളികം പീടിക. | 382/2021-22 |
| 2. | SIRCA പെയിന്റ്സ് ഇൻഡ്യ ലി. | 3142/2021-22 |
| 3. | ബ്രദേഴ്സ് ഹോളിഡെയ്സ് | 703/2021-22 |
| 4. | സഹകരണ സൂപ്പർ മാർക്കറ്റ്, നീറക്കോട് | 201/2021-22 |
| 5. | സഹകരണ മെഡിക്കൽ സ്റ്റോർ, നീറക്കോട് | 202/2021-22 |
| 6. | സഹകരണ സൂപ്പർ മാർക്കറ്റ്, നീറക്കോട് | 6073/2021-22 |
| 7. | കൺസ്യൂമർ സ്റ്റോർ, തിരുവാലൂർ ജംഗ്ഷൻ. | 4575/2021-22 |
| 8. | ടീകോം ട്രേഡിംഗ് കമ്പനി | 3487/2021-22 |
| 9. | റിലയൻസ് റീടെയിൽ ലി. | 4015/2021-22 |
| 10 | SCINNTC സപ്ലൈ ചെയിൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്. | 5728/2021-22 |
| 11. | ലൂണെ ട്രേഡേഴ്സ് | 5940/21-22 |
| 12. | ഗ്രൂപ്പ് മുക്കാടൻ | 3170/21-22 |
| 13. | ടിംബർ ആർട്ട് ഡിസൈൻ പ്രൈവറ്റ് ലിമിറ്റഡ്. | 3497/21-22 |
| 14. | ബ്രിട്ടാനിയ ഡയറി പ്രൈവറ്റ് ലിമിറ്റഡ് ആൻറ് ബ്രിട്ടാനിയ ഇൻഡസ്ട്രീസ് ലിമിറ്റഡ്. | 4189/21-22 |
| 15. | ബ്രിട്ടാനിയ ഡയറി പ്രൈവറ്റ് ലിമിറ്റഡ് ആൻറ് ബ്രിട്ടാനിയ ഇൻഡസ്ട്രീസ് ലിമിറ്റഡ്. | 4188/21-22 |
| 16. | മരിയ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | 3422/21-22 |
| 17. | ഹൈടെക് ക്രമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്. | 2947/21-22 |
| 18. | ജോട്ടൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. | 2964/21-22 |

ഇതിനോട് അനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/29.09.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-14 ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത.

1996 ലെ കേരള പഞ്ചായത്ത് രാജ് ( Issue Of Licence To Factories. Trades, Entrepreneurship Activities And Other Services) ചട്ടങ്ങൾ, ചട്ടം(18) പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യന്ത്രത്തിന്റെ കുതിര ശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീ ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കാണുന്നു. ഈ അപാകത പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം/ഉടമയുടെ പേര് | ലൈസൻസ് നം. | കുതിര ശക്തി | അടയ്ക്കേണ്ട ഫീ | അടവാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ആദിത്യ ഫുഡ് പ്രോഡക്ട്സ് & ഫ്ലവർ മിൽ, കരിങ്ങാംതുരുത്ത്, ആലങ്ങാട്. | | 15 HP | 200 | - | 200 |
| 2. | നാഷ്ണൽ എഞ്ചിനീയറിംഗ് | 4395/21-22 | 10HP | 100 | - | 100 |
| 3. | വുഡ് ആർട്ട്, ഗാന്ധി ജയന്തി റോഡ് നീറിക്കോട് | 5952/21-22 | 2 HP | 50 | - | 50 |
| 4. | മിഡിൽ ലാന്റ് സോമിൽ വുഡ് ആന്റ് ഇൻഡസ്ട്രീസ്. | 62(2)/21-22 | വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്തിയതായി കാണുന്നില്ല. യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീസ് ഈടാക്കേണ്ടതാണ്. | - | - | - |
| 5. | വിസ്മയ് ഫ്ളവർ മില്ല് | 237/21-22 | 15 HP | 200 | - | 200 |
| 6. | എസ്.ജി. ബാഗ്സ് | 6031/21-22 | 18 HP | 200 | - | 200 |
| 7. | പ്രിന്റ് ഹൗസ് | 5107/21-22 | 3 HP | 50 | | 50 |
| 8. | മേരി ബേക്കേഴ്സ് | 2555/21-22 | 10 HP | 100 | | 100 |
| 9. | റൈസൻ പേപ്പർ ടിഷ്യൂസ് | 3251/21-22 | 5 HP | 50 | | 50 |
| 10. | മരിയ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്. | 3422/21-22 | 5 HP | 50 | | 50 |
| 11. | പുതുശ്ശേരി പ്രിന്റേഴ്സ്, നീറിക്കോട്. | 3426/21-22 | 1 HP | 10 | | 10 |
| 12. | വി.പി. മിൽസ് | 3419/21-22 | 10 HP | 100 | | 100 |
| 13. | കണശ്ശേരി വുഡ് വർക്ക് | 3421/21-22 | 3 എച്ച്.പി. | 50 | | 50 |
| 14. | എം.കെ.ഡി. എഞ്ചിനീയറിംഗ് | 1693/21-22 | 2 എച്ച്.പി. | 50 | | 50 |
| 15. | ഹൈടെക് ക്രമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്, ചിറയം. | 2947/21-22 | 33.5 എച്ച്.പി. | 400 | | 400 |
| 16. | കുന്നത്ത് പറമ്പിൽ വുഡ് വർക്ക്സ് | 2959/21-22 | 4 എച്ച്.പി. (അപേക്ഷയിൽ ഉള്ളത്) | 50 | | 50 |
| 17. | കർണ്ണിക വുഡ് ഫർണ്ണീച്ചർ | 2969/21-22 | 10 എച്ച്.പി. | 100 | | 100 |
| 18. | ജിൽ ടെക് എഞ്ചിനീയറിംഗ് വർക്ക്സ് | 3014/21-22 | 10 എച്ച്.പി. | 100 | | 100 |
| 19. | എ.എം.ആർ. ഫർണീച്ചർ | 3049/21-22 | 5 എച്ച്.പി. | 50 | | 50 |
| 20. | കോറൽ ഫ്രഷ് | 3062/21-22 | 1.5 എച്ച്.പി. | 50 | | 50 |
| 21. | സി.ടെക് എഞ്ചിനീയറിംഗ് | 2493/21-22 | 5 എച്ച്.പി. | 50 | | 50 |

ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/29.09.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-15 വാടക കുടിശ്ശിക ഈടാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയുണ്ട്. ഇവരിൽ നിന്നും കുടിശ്ശിക തുക പിഴപ്പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
|---|---|---|---|---|
| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | പ്രതിമാസ വാടക തുക(രൂ) | വാടക കുടിശ്ശിക |

| | | | | |
|---|---|---|---|---|
| 1. | സ്റ്റാൾ നം.3 | ദിവ്യ പി.ഡി., കണ്ണമ്പുഴ, ആലങ്ങാട്. | 1,850/- | 2022 ഫെബ്രുവരി മുതൽ മാർച്ച് വരെ.<br>(1850 X 2 = 3,700/-) |
| 2. | സ്റ്റാൾ നം.4 | ദിവ്യ പി.ഡി., കണ്ണമ്പുഴ, ആലങ്ങാട്. | 1,950/- | 2021 ഡിസംബർ മുതൽ 2022 മാർച്ച് വരെ.<br>(1950X 4 = 7,800/-) |
| | | | | 11,500/- |

3. ഗ്രാമപഞ്ചായത്ത് വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ രൂപീകരിച്ചിട്ടില്ല. ആയത് രൂപീകരിച്ച് അറിയിക്കേണ്ടതാണ് (2005 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1). കൂടാതെ മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് (ചട്ടം7(1)) ചമയ്ക്കേണ്ടതും, അതിൽ വാടക കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി മുതലായ അവശ്യവിവരങ്ങളെല്ലാം രേഖപ്പെടുത്തേണ്ടതുമാണ്.

ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/29.09.2022) മറുപടി ലഭ്യമാക്കിയെങ്കിലും മേൽ സൂചിപ്പിച്ചിരിക്കുന്ന സ്റ്റാൾ നമ്പറുകളായ 3, 4 എന്നിവയുടെ വാടക കുടിശ്ശികയെ കുറിച്ച് യാതൊരു മറുപടിയും ലഭ്യമാക്കിയില്ല.

## 1-16 സാക്ഷരതാ പ്രേരകിന് ഓണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല

സാക്ഷരതാ പ്രേരക്മാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരതാ മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുമെന്നതിനാൽ ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കേണ്ടതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021ല ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരതാ പ്രേരക് ആയ ശ്രീമതി സരോജിനിക്ക് ഓണറേറിയം നൽകുന്നതിന് 18,432/- രൂപ (ചെക്ക് നം.039770 തീയതി 11.06.2021) നൽകിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് 29.09.2022ൽ നൽകിയ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഗ്രമാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കിയ 18,432/- രൂപ സർക്കാർ വിഹിതത്തിൽ നിന്നോ സാക്ഷരതാ മിഷന്റെ തനത് വിഹിതത്തിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-17 വളം വാങ്ങൽ - അധിക തുക നല്കി

| | |
|---|---|
| പ്രോജക്ട് നം ,പേര് | 60/22,സുഭിക്ഷം സമൃദ്ധം ആലങ്ങാട് |
| അടങ്കൽ,ഫണ്ട് | 2828850,വികസന ഫണ്ട്,<br>(പൊതുവിഭാഗം) |
| ബിൽ നം,ചെലവ് ,തീയതി | 21110452017401496512 ,27.03.2022, ,18199<br>21110452017401085655,16.02.2022, 187402<br>21110452017401085608,15.03.2022, ,291444 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ആകെ ചെലവ് | ₹4,97,045/- |

ഗ്രാമപഞ്ചായത്തിലെ കാർഷികമേഖലയിൽ സമൃദ്ധി കൈവരിക്കുന്നതിനായി കർഷകർക്ക് വളം നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത് .ആയത് പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിലെ കൊങ്ങോർപ്പിള്ളി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് (ലിമിറ്റഡ് നം 3847), ദി നീറിക്കോട് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് (ലിമിറ്റഡ് നം 1682),എന്നിവയിൽ നിന്ന് ഗുണഭോക്താക്കൾക്ക് ഗ്രൗണ്ട് നട്ട് കേക്ക് ,നീം കേക്ക് , കുമ്മായം എന്നിങ്ങനെയുള്ള വളങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ വളം വാങ്ങി നല്കുന്നത് സംബന്ധിച്ച് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് 2021-22സാമ്പത്തിക വർഷത്തേക്ക് കൂടി നീട്ടിയിട്ടുണ്ട്. ആയതിൽ ഗ്രൗണ്ട് നട്ട് കേക്കിന് പരമാവധി 50രൂപയും കുമ്മായത്തിന് പരമാവധി 15 രൂപയുമാണ് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടുകളിൽ കുമ്മായത്തിന് 16.50 രൂപ നിരക്കിലും ഗ്രൗണ്ട് നട്ട് കേക്കിന് 55 രൂപ നിരക്കിലുമാണ് 50% സബ്സിഡിയിൽ വാങ്ങി നല്കിയിട്ടുള്ളത്. അപ്രകാരം വളം വിതരണം നടത്തിയത് വഴി സാമ്പത്തിക നഷ്ടം വന്നിട്ടുള്ളതായി കാണുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വാങ്ങിയ കിലോ.ഗ്രാം | നിരക്ക് | ആകെ നല്കിയത് (50% മാത്രം) | നല്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| കുമ്മായം | 9425 | 16.50 | 77756.25 | 70687.50 | 7068.75 |

| | | | | | |
|---|---|---|---|---|---|
| കടലപ്പിണ്ണാക്ക് | 9425 | 55.00 | 259187.50 | 235625.00 | 23562.50 |
| ആകെ | | | 336943.75 | 306312.5 | 30631.25 |

മേൽ സൂചിപ്പിച്ച പ്രകാരം 30631.25 രൂപ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. പരിശോധിച്ച് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 28.09.2022ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൻ വർഷം യൂണിറ്റ് കോസ്റ്റ് ലഭ്യമായിട്ടില്ലാത്തതിനാലും ഗുണമേന്മയുള്ള വളം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് മേൽ പ്രസ്താവിച്ച വിലയ്ക്ക് വളം വാങ്ങി നല്കിയതെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ യൂണിറ്റ് കോസ്റ്റ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിൽ തന്നെ വളം വാങ്ങുന്നതിനും സബ്സിഡി അനുവദിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്റ്റിന്റെ നം/ വർഷം | 39/21-22 |
| അടങ്കൽ തുക / ഫണ്ട് | 3,55,085/- രൂപ. , മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ ബിൽ നം തിയതി | 3,55,085/- രൂപ. ബിൽ നം 112/തിയതി 13.10.2021 |

2021-22 വർഷം ഹോമിയോ ഡിസ്പ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിനായി 3,55,085/- രൂപ ചെലവഴിച്ചതിൽ 77,080/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കുന്നതു വരെ തുക തടസ്സപ്പെടുത്തുന്നു.

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ആലങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ എഗ്രിമെന്റ് , വിനിയോഗ സാക്ഷ്യപത്രം , ഇവ ഹാജരാക്കാത്തതിനാൽ 22,47,520/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക്ക് നം /തുക |
|---|---|---|---|---|
| 1 | 222/21-22 | കുടിവെള്ള വിതരണ ടാങ്ക് – ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നല്കൽ | 21,21,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 327/5.3.2022 |
| 5 | 7/21-22 | IKMന് തുക നല്കൽ | 1,26,520/-വികസന ഫണ്ട് | 94/4.10.21 |
| ആകെ | | | 22,47,520/- | |

## 1-20 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തികരിക്കുന്നില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ നം / വർഷം | 163/21-22 |
| അടങ്കൽ തുക / ഫണ്ട് | 43,35,399/- രൂപ. , വികസന ഫണ്ട് + ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 1) 4,19,399/- രൂപ (ബിൽ നം 350 തീ. 11.3.2022)<br>2) 18,50,047/- രൂപ (ബിൽ നം 332 തീ. 07.3.2022)<br>3) 20,65,953/-രൂപ (ബിൽ നം 349 തീ. 11.3.2022)<br>ആകെ 43,35,399/- രൂപ. |

2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്റ്റിനായി 43,35,399/- രൂപ ചെലവഴിച്ചിട്ടുണ്ട് . വാർഷിക ധനകാര്യപത്രികയിൽ B18 ഷെഡ്യൂൾ പ്രകാരം

1,00,44,248/- രൂപ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്റ്റ് പ്രകാരം ചെലവഴിക്കുവാൻ ബാക്കിയുണ്ട്. അതായത് ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ കാലാവധിക്കുള്ളിൽ പൂർത്തികരിക്കുന്നില്ല . ഈ പ്രോജക്റ്റ് ചെലവു വിവരം പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന രേഖകൾ / വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) വിനിയോഗസാക്ഷ്യപത്രം

2) KSEB -ൽ നിന്നുള്ള എസ്റ്റിമേറ്റ്, കരാറ് തുടങ്ങിയവ, തുക കൈപ്പറ്റിയ വിശദാംശം

3) വാർഷിക ധനകാര്യപത്രികയിൽ B18 ഷെഡ്യൂൾ പ്രകാരം 1,00,44,248/- രൂപ ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രോജക്റ്റ് പ്രകാരം ചെലവഴിക്കുവാൻ ബാക്കിയുണ്ട്. ഈ ചെലവു തുകയുടെ പ്രോജക്റ്റ് തിരിച്ചുള്ള വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ഡെപ്പോസിറ്റ് വർക്കുകൾ സംബന്ധിച്ച രജിസ്റ്റർ

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം / രേഖകൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീ. 26.9.2022) മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 43,35,399/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 തെരുവു വിളക്കു പരിപാലനം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കു പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 13/21-22 |
| അടങ്കൽ തുക / ഫണ്ട് | 22ലക്ഷം രൂപ. , തനത് ഫണ്ട്, (പൊതു ആവശ്യ ഗ്രാന്റ്) |
| ചെലവ് തുക / ബിൽ നം. / തീയതി | 1) 3,81,960/- രൂപ (ബിൽ നം 14 തീ. 7.6.21)<br>2) 72,000/- രൂപ (ബിൽ നം 63 തീ. 16.8.2021)<br>3)3,81,960/- രൂപ (ബിൽ നം 64 തീ. 17.8.2021)<br>4)3,52,170/- രൂപ (ബിൽ നം 176 തീ. 22.12.21)<br>5)1,38,670/- രൂപ (ബിൽ നം 209 തീ. 12.1.22)<br>6) 4,90,840/- രൂപ (3,52,170+1,38,670) (ബിൽ നം 331 തീ. 7.3.22)<br>**₹ 18,17,600/- – ആകെ ചെലവ്** |

2021-22 വർഷം ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കു പരിപാലനം (AMC) എന്ന പ്രോജക്ടിനായി 22 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച് ടെൻഡർ ക്ഷണിച്ചതിൽ (എ3-4594/2021 തീയതി 09.07.2021) കുറഞ്ഞ തുക 14,09,070/- രൂപ ക്വോട്ട് ചെയ്ത ബെസ്റ്റി എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചു. തൻവർഷം ഈ പ്രോജക്ടിനായി 18,17,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകരിച്ച ടെൻഡർ തുകയേക്കാളും കൂടുതൽ തുക ചെലവഴിച്ചതിന് വിശദീകരണം ആരാഞ്ഞതിൽ (ഓഡിറ്റ് എൻക്വയറി നം. 12 തീയതി 29.09.2022) ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള ബില്ലുകളിലെ ആകെ തുക 8,35,920/- രൂപ മുൻവർഷം തെരുവു വിളക്ക് പരിപാലനം എന്ന പ്രോജക്ടിനായുള്ള ബാക്കി ചെലവു തുക സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കാതെ നൽകിയതാണെന്ന് അറിയിച്ചു.

2021-22 വർഷത്തെ പ്രൊജക്ടിനായുള്ള ചെലവു തുക 14,09,070/- രൂപ 3,52,170/- രൂപ വീതമുള്ള 4 ഗഡുക്കളായി നൽകുവാൻ തീരുമാനിച്ചതിൽ ആദ്യ 2 ഗഡു 2021-22 വർഷം നൽകി. ബാക്കി 2 ഗഡു തുക 2022-23 വർഷം സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കി നൽകിയിട്ടുള്ളതായി അറിയിച്ചു.

എന്നാൽ, ഈ തുകയോടൊപ്പം 1,38,670/- രൂപയും (ക്രമ നം. 5, 6 ബില്ലുകൾ പ്രകാരം) അനുവദിച്ചിട്ടുള്ളത് ഏത് ആവശ്യത്തിനാണെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇപ്രകാരം തുക ചെലവഴിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുമില്ല. വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവു ചെയ്ത 2,77,340/- രൂപ (138670 X 2) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തെരുവുവിളക്ക് പരിപാലനം (AMC) എന്ന പ്രൊജക്ടിനായി കാലയളവ് വ്യക്തമാക്കിയ എഗ്രിമെന്റ് തയ്യാറാക്കേണ്ടതും AMC പ്രകാരമുള്ള തുക മാത്രം അനുവദിക്കേണ്ടതുമാണ്. മറ്റ് ചെലവുകൾ വരുന്ന സാഹചര്യത്തിൽ പ്രത്യേകം പ്രൊജക്ട് തയ്യാറാക്കി തുക ചെലവു ചെയ്യേണ്ടതും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. മാത്രമല്ല, മുൻവർഷത്തെ പ്രൊജക്ട് പ്രകാരം ബാക്കി തുക ചെലവഴിക്കേണ്ട സാഹചര്യത്തിൽ സ്പിൽ ഓവർ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം നേടി തുക ചെലവഴിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് പൂർണ്ണമായും മീറ്ററിംങ് സമ്പ്രദായത്തിലാക്കിയില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംങ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്.ഇ.ബി. നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് 44,60,158രൂപ നല്കിയിട്ടുണ്ട്. ഇതിൽ 11,42,534 രൂപ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റിയ തെരുവ് വിളക്കുകളുടെ ചാർജിനത്തിൽ നല്കിയ തുകയാണ്. എന്നാൽ തൻവർഷം മീറ്ററിംങ് സമ്പ്രദായത്തിലേക്ക് ഇനിയും മാറ്റാത്ത വൈദ്യുതച്ചാർജിനത്തിൽ 33,17,460/- രൂപ നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് പൂർണ്ണമായും മാറ്റുന്നതിനായി കെ.എസ്.ഇ.ബിക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും, 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-13 Administrative Expenses എന്ന ഷെഡ്യൂളിൽ 230110101-Electricity Charge For KSEB Street Light എന്ന ഹെഡിൽ 18,37,368 രൂപ മാത്രമാണ് കാണിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 44,60,158 രൂപ നല്കിയിട്ടുണ്ട്. വാർഷികധനകാര്യ പത്രികയിൽ ഇത്തരത്തിലുള്ള അപാകം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട കൊണ്ട് 29.09.2022 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അടിയന്തരമായി ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്കുകൾ പൂർണ്ണമായും ഓട്ടോമാറ്റിക്ക് മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ വാർഷികധനകാര്യ പത്രികയിൽ വന്നിട്ടുള്ള അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതുമാണ്.

## 1-23 ഭീമമായ വെള്ളക്കരം പഞ്ചായത്തിൽ നിന്ന് നല്കുന്നു.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ കുടിവെള്ളം നല്കുന്നതിന്നായി 424 പൊതുടാപ്പുകളാണുള്ളത്. പ്രതിമാസം 194793/- രൂപയാണ് കുടിവെള്ളക്കരമിനത്തിൽ പഞ്ചായത്തിൽ നിന്ന് നല്കുന്നത്. ഒരു വർഷത്തിൽ 23,18,930/- രൂപയാണ് ഈയിനത്തിൽ പഞ്ചായത്തിൽ നിന്ന് നല്കിയിട്ടുള്ളത്. മുൻ സാമ്പത്തിക വർഷങ്ങളിൽ ധാരാളം തുക ഗാർഹിക കുടിവെള്ള കണക്ഷൻ സബ്സിഡിയിനത്തിൽ പഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷൻ വഴിയും ധാരാളം കണക്ഷൻ പഞ്ചായത്തിൽ നല്കുന്നുണ്ട്. ആയത് പരിഗണിച്ചാൽ വ്യക്തിഗത കുടിവെള്ളകണക്ഷൻ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം വർഷന്തോറും വർദ്ധിക്കുന്നതായി കാണാവുന്നതാണ്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് വാട്ടർ അതോരിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനായി പഞ്ചായത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും, കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-13 Administrative Expenses എന്ന ഷെഡ്യൂളിൽ 230110101-Water Charge For KWA Street Taps എന്ന ഹെഡിൽ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 9,55,379 രൂപ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ബിൽ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 23,18,930 രൂപ നല്കിയിട്ടുണ്ട്. വാർഷികധനകാര്യ പത്രികയിൽ ഇത്തരത്തിലുള്ള അപാകം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 29.09.2022 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന ഉപയോഗശൂന്യമായ പൊതുടാപ്പുകൾ കണ്ടെത്തുന്നതിനും ആയതിന്റെ കണക്ഷൻ വിഛേദിക്കുന്നതിനുമായി സംയുക്ത പരിശോധനയ്ക്കായുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്. സബ്സിഡി നല്കി വ്യക്തിഗത കുടിവെള്ളപൈപ്പ് കണക്ഷൻ എടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിവാസികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കൂടാതെ വാർഷികധനകാര്യ പത്രികയിൽ വന്നിട്ടുള്ള അപാകത്തിന് ഓഡിറ്റിന് വിശദീകരണം നല്കേണ്ടതുമാണ്.

## 1-24 അനർഹമായി ജി.എസ്.ടി. അനുവദിച്ച

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0017/21-22, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ, ഫണ്ട്,ചെലവ് | 1) 2000000വികസന ഫണ്ട് (പൊതുവിഭാഗം) (ചെലവ്) 1992911<br>2) 1300000 കേന്ദ്രഫണ്ട് (ചെലവ്) 877166<br>3) 1000000തനത് ഫണ്ട്.(ചെലവ്) 905508<br>4) 100000ബ്ലോക്ക് പഞ്ചായത്ത് (ചെലവ്) 80000<br>ആകെ അടങ്കൽ 4400000<br>ആകെ ചെലവ് 3855585 |
| ബിൽ നം,തീയതി | ബിൽ നം 21110452008701532403, തീ.24.09.2021 തുക 604475<br>ബിൽ നം.21110452008701548100, തീ.21.10.2021 തുക 81072<br>ബിൽ നം.21110452008700158818 തീ.28.06.2021 തുക 1387364<br>ചെക്ക് നം.3400729തീ 07.03.2022തുക 438254<br>ചെക്ക് നം.4362635 തീ 28.07.2021 തുക 172317<br>ചെക്ക് നം.3400718തീ 12.11.2021 തുക 272793<br>ചെക്ക് നം.3400712തീ 16.09.2021 തുക568230 (കേന്ദ്ര ഫണ്ട്)<br>ചെക്ക് നം.3400717തീ 26.10.2021 തുക54800<br>ചെക്ക് നം.3400726തീ 13.01.2022 തുക276280 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0250/21-22, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ, ഫണ്ട്,ചെലവ് | 1)1178091,ധനകാര്യ കമ്മീഷൻ (ചെലവ്) 1048351 |
| ബിൽ നം,തീയതി | 21110452008701341755, തീ.16.03.2021 തുക 1048351 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

3)

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0065/21-22, അങ്കണവാടി പോഷകാഹാരം(പട്ടികജാതി) |
| അടങ്കൽ, ഫണ്ട്,ചെലവ് | 1) 400000തനത് ഫണ്ട്. (ചെലവ്)276800 (ജനറൽ പർപ്പസ് ) |
| ബിൽ നം,തീയതി | ചെക്ക് നം.3400712 തീ 16.09.2021 തുക 33336<br>ചെക്ക് നം.3400729തീ 07.03.2022തുക 200533<br>ചെക്ക് നം.4323919തീ 05.07.2021തുക 42931 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ 2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ചൈതന്യ ലക്ഷ്മി കുടുംബശ്രീ കരുമാല്ലൂർ യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട **28.6.2017**ലെ നോട്ടിഫിക്കേഷൻ നം **12/2017- Central Tax (Rate)**ലെ ക്രമ നം. **66** ക്ലോസ് **(B)(II)** പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ **17.6.2021**ലെ **149/05/2021** നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം ജി.എസ്.ടി. ചുമത്തിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം. | ബിൽ തുക | ചുമത്തിയ ജി.എസ്.ടി. |
|---|---|---|---|
| 1 | 154/10.03.21 | 182035 | 9100 |
| 2 | 005/28.04.21 | 145320 | 7266 |
| 3 | 007/ 28.05.21 | 179585 | 8978 |
| 4 | 024/28.06.21 | 161910 | 8094 |
| 5 | 028/28.07.21 | 168805 | 8440 |

| | | | |
|---|---|---|---|
| 6 | 030/30.08.21 | 137340 | 6844 |
| 7 | 055/05.07.21 | 137869 | 6892 |
| 8 | 056/05.08.21 | 138724 | 6936 |
| 9 | 057/06.09.2021 | 129532 | 6476 |
| 10 | 036/17.09.2021 | 169540 | 8476 |
| 11 | 060/10.10.2021 | 130387.50 | 6518 |
| 12 | 102/18.10.2021 | 127680 | 6384 |
| 13 | 063/15.11.2021 | 132311 | 6614 |
| 14 | 069/15.12,2021 | 130815 | 6540 |
| 15 | 105/15.11.2021 | 149695 | 7484 |
| 16 | 112/15.12.2021 | 129150 | 6456 |
| 17 | 029/30.08.2021 | 14910 | 746 |
| 18 | 027/28.07.2021 | 16415 | 820 |
| 19 | 008/28.05.2021 | 17395 | 868 |
| 20 | 006/28.04.2021 | 14070 | 702 |
| 21 | 081/14.01.2021 | 128250 | 6412 |
| 22 | 126/20.01.2021 | 148960 | 7448 |
| 23 | 082/14.02.2021 | 130815 | 6540 |
| 24 | 127/14.02.2021 | 129150 | 6456 |
| | **ആകെ** | | **1,47,490/-** |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി. നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 28.09.2022 ൽ നല്കിയ 7ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 18.08.2021 ലെ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICDSB3/13220/21 നം കത്ത് പ്രകാരം 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് നല്കുന്ന അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി. ഒഴിവാക്കുവാൻ കഴിയുമോയെന്ന വിഷയത്തിൽ സർക്കാരിൽ നിന്നും കൂടുതൽ സ്പഷ്ടീകരണം ആവശ്യമാണെന്നും, 25.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം 1450/2018 പ്രകാരം 5% ജി.എസ്.ടി ഉൾപ്പെടേയുള്ള തുകയായ 73.50 രൂപയാണ് അമൃതം ന്യൂട്രിമിക്സിന് നല്കുവാൻ ഉത്തരവായിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. കേന്ദ്ര സർക്കാരിന്റെ മേൽ സൂചിപ്പിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ വഴി അമൃതം ന്യൂട്രിമിക്സിന് ജി.എസ്.ടി. ഒഴിവാക്കിയിട്ടുള്ളതാണ്. ആയത് തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് - തുക അധികം നല്കി.

1)

| | |
|---|---|
| പ്രോജക്ട് നം, പേര് | 54/21-22ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് |
| അടങ്കൽ ,ഫണ്ട് | 1500000 വികസന ഫണ്ട്<br>500000 തനത് ഫണ്ട്<br>800000 ബ്ലോക്ക് പഞ്ചായത്ത്<br>975000 ജില്ലാ പഞ്ചായത്ത് |
| ചെലവ്, ബിൽ നം ,തീയതി | 695425,211104520088700389902,09.09.2021 (വിക.ഫണ്ട്)<br>804575,211104520088700651662 ,15.11.2021 (വിക.ഫണ്ട്)<br>450000,211104520088700756338 ,24.11.2021 (ബ്ലോക്.ഫ)<br>112850, ചെക്ക് നം.3400729.തീ 07.03.2022<br>538700,211104520088701355426 ,17.03.2022 (ജില്ലാ ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

2)

| | |
|---|---|
| പ്രോജക്ട് നം, പേര് | 71/21-22ശാരിരീക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (പട്ടിക ജാതി) |
| അടങ്കൽ ,ഫണ്ട് | 200000<br>96625 തനത് ഫണ്ട്<br>203375 ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ്, ബിൽ നം ,തീയതി | 96625,211104520088700389910 ,09.092021 (വിക.ഫണ്ട്)<br>103375 ,211104520088700651670,15.11.2021 (വിക.ഫണ്ട്)<br>96600 211104520088700960731 ,17.01.2022 (തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

2021-22 സാമ്പത്തിക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർ വൈസർ ഗ്രാമ പഞ്ചായത്തിലെ ശാരിരീക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ട് നമ്പർ 71/21-22ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ തന്നെ പ്രൊജക്ട് നം. 54/21-22ലും ഉൾപ്പെട്ടിട്ടുള്ളതിനാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് അധികമായി തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരങ്ങൾ താഴെച്ചേർക്കുന്നു.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ **14.02.2018** ലെ സർക്കാർ ഉത്തരവ് **(**കൈ**)22/2018**ത സ്വ ഭവ പ്രകാരം ശാരിരീക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പായി അനുവദിക്കാവുന്ന തുക താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| സ്കോളർഷിപ്പ് (പ്രതിമാസം) | 1000 | 12 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം ) | 1500 | 1 | 1500 |
| പഠനസഹായം | 2000 | 1 | 2000 |
| ഡേ സ്കോളർക്കുള്ള ബത്ത (പ്രതിമാസം) | 1000 | 12 | 12000 |
| ഉല്ലാസയാത്ര | 1000 | 1 | 1000 |
| ആകെ | | | 28500 |

എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട **7** ഗുണഭോക്താക്കൾക്ക് താഴെ ചേർക്കും വിധം സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| പേര്, വിലാസം | ആകെ അനുവദിച്ച തുക |
|---|---|
| മീര.കെ.ടി, കുന്നേത്തറ | 34950 |
| ധന്യബിനു, | 34950 |
| വിജയകുമാരി ദേവദാസ്.പറയംപറമ്പിൽ | 34950 |
| രാജപ്പൻ,ആശാരിപ്പള്ളം | 34950 |
| ലതിക | 34950 |
| രാധ.ടി.വി | 34950 |
| പ്രമീള വേണു | 34950 |

മേൽ സൂചിപ്പിച്ച **7** ഗുണഭോക്താക്കൾക്ക് പരമാവധി അനുവദിക്കാവുന്ന തുക **28500** വീതം മാത്രമായിരിക്കെ ഒരു ഗുണഭോക്താവിന് **34950** രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിനാൽ **45,150/-** രൂപ **(6450 X 7= 45150)** അധികം നല്കിയതായി കാണുന്നു. പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് **28.09.2022** ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള പദ്ധതി വഴി ഗുണഭോക്താക്കൾക്ക് അധികം നല്കിയ **45,150/-** രൂപ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതും ആയത് രസീത് സഹിതം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1-26 ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് വിവരം | എസ്.181/20, ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം |
| അടങ്കൽ | 2500000(തനത്ഫണ്ട്) |
| ചെലവഴിച്ചത് | 2048124(39.89%)<br>(550773/--ചെക്ക് നമ്പർ/തീയതി -029810/31.03.2022<br>1497351/- ചെക്ക് നമ്പർ/തീയതി -3400728/07.03.2022) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ജിതിൻ രാധാകൃഷ്ണൻ |
| എഗ്രിമെന്റ് | 26/എഇ/എൽഎസ്ജിഡി//2021-22/18.08.2022 |
| എം ബുക്ക് | 59/2021-22,87/2021-22 |

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് വെള്ളക്കെട്ടുള്ളതിനാൽ കോളം ഫൂട്ടിംഗിന് പകരം മാറ്റ് ഫൗണ്ടേഷനാക്കി എ.എസ് തുകയിൽ നിജപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് 30.11.2021 തീയതിയിലെ 1(4) നമ്പർ തീരുമാനപ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. 18.8.2020 ൽ സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.മേൽ പ്രവ്യത്തിയുമായി ബന്ധപ്പെട്ട് താഴെ പ്പറയുന്ന അപാകതകൾ കാണുന്നു.

1) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 2077979/-രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ തനത് ഫണ്ടിൽ നിന്നും 2048124/-രൂപ ചെലവ് വന്നിട്ടുണ്ട്. കൂടാതെ എർത്ത് ഫില്ലിംഗ് ഇനത്തിൽ പ്രോജക്ട് 207 പ്രകാരം എർത്ത് വർക്ക് ഫില്ലിംഗ് നടത്തിയതിനായി 142111/-രൂപ ചെലവഴിച്ചിട്ടുണ്ട്.നിലവിൽ ആകെ 2190235/-രൂപ കെട്ടിടത്തിനായി ചെലവഴിച്ചിരിക്കുന്നത്.

2) പ്രാദേശിക പരിശോധനയിൽ ബിൽഡിംഗിന്റെ സ്ട്രക്ച്ചർ മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിരിക്കുന്നത്. പൂർണ്ണമായും നിർമ്മാണം പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ പൂർണ്ണമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനാൽ ചെലവ് സംബന്ധിച്ചുള്ള വിവരം ഇല്ലായെന്നത് വ്യക്തവുമാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18 / 29.09.2022 നൽകിയതിന് 30.09.2022ൽ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിരുന്നു. അതിൻപ്രകാരം അടുത്ത വർഷം തനത് ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുമെന്നാണ് വ്യക്തമാക്കിയത്. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിൽ ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നതിന് ഇടയാക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ഒളനാട് താളുപാടം റോഡ് പുനരുദ്ധാരണം - വാർഡ് -17 - അധിക ചെലവ് വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് വിവരം | എസ്.129/22 ഒളനാട് താളുപാടം റോഡ് പുനരുദ്ധാരണം -വാർഡ് -17 |
| അടങ്കൽ | 11,00,000തനത്ഫണ്ട് |
| ചെലവഴിച്ചത് | 901404(39.89%) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നിപിൻ ഇ.വി. |
| എഗ്രിമെന്റ് | 33/എഇ/എൽഎസ്ജിഡി//2021-22/15.11.2022 |
| എം ബുക്ക് | 50/2021-22(ബിൽ നമ്പർ/തീയതി -25/21-22/15.02.2022) |

ആലങ്ങാട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം നടപ്പിലാക്കിയ ഒളനാട് താളുപാടം റോഡ് പുനരുദ്ധാരണം -വാർഡ് -17 പ്രോജക്റ്റിൽ 80mm കട്ടവിരിക്കൽ പ്രവൃത്തിയിൽ ക്വോറി മക്ക് ഫില്ലിംഗിന് നടത്തിയിട്ടുണ്ട്. അളവ് പുസ്തകം ഇനം 2 ആയി ചെയ്ത പ്രവൃത്തിയിൽ ടൈൽ വിരിക്കുന്നതിന് ക്വാറി മക്ക് ഉപയോഗിച്ച് 115 മീറ്റർ നീളത്തിലും 10സെ.മീ കനത്തിലുമാണ് ബെഡ് വിരിച്ചിരിക്കുന്നത്(അളവ് പുസ്തകം പേജ് -19) . എന്നാൽ DSRലെ 4.1.A1.ന്റെ (Construction Of Granular Sub-Base By Providing Close Graded Material Conforming To Specification) നിരക്കായ 2787/-രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് . കരാറുകാരൻ ക്വോട്ട് ചെയ്ത തുക 2316/-രൂപയാണ്. വിവിധ ഗ്രാമപഞ്ചായത്തുകളിൽ ടൈൽവിരിക്കൽ പ്രവൃത്തികൾക്കായി 2021-22 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡേറ്റയായി (OD 1606253/2021-22 - Construction Of Granular Sub Base By Providing Local Material) ഉപയോഗിക്കുന്നതിന് അനുവദിച്ചിട്ടുള്ള നിരക്ക് 1595/-രൂപയാണ് . ഈ നിരക്കിനു പകരം 2,316/-രൂപ അനുവദിച്ചതിനാൽ ക്വോറി മക്ക് വിരിക്കുന്നതിന് അധികചെലവ് വന്നിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | അളവ് | ചെലവഴിച്ചത് | അനുവദനീയമായത് | അധികം നൽകിയത് |
|---|---|---|---|---|
| Construction Of Granular Sub-Base | 30.277 | 30.277x2316 =70121.532 | 30.277x1595 = 48291.82 | 21829.712 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി 8/29.09.22 ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ നിർദ്ദേശ പ്രകാരം , നിലവിൽ ക്വാറി മക്ക് റിമിക്സിന്റെ ദൗർലഭ്യം നേരിടുന്നതിനാലുമാണ് മേൽ നിരക്ക് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അധിക നിരക്ക് നൽകുന്നതിനാൽ ഇത്തരം പ്രവൃത്തികൾക്ക് അധിക ചെലവ് വരുന്നുണ്ട്. ആയത് പരിശോധിക്കപ്പെടേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 21-22 | 200000 | സാന്ത്വനപരിചരണ പരിപാടി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 21-22 | 200000 | പാലിന് സബ്സിഡി – ജനറൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 21-22 | 450000 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 21-22 | 80000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 80000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 21-22 | 7,76,614 | Kottappilly വാർഡ് പുനരുദ്ധാരണം- | 7,76,614 | 0 |
| ആകെ | | | 17,06,614 | | 17,06,614 | |
| ജില്ലാ പഞ്ചായത്ത് | | 21-22 | 24,36,415 | ഒളനാട് റോഡ് | 24,36,415 | |
| ജില്ലാ പഞ്ചായത്ത് | | 21-22 | 974207 | കുമ്പളം-കൊട്ടുവഴങ്ങ റോഡ് | 974207 | |
| ജില്ലാ പഞ്ചായത്ത് | - | 21-22 | 538700 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 538700 | 0 |
| ജില്ലാ പഞ്ചായത്ത് | 256709 | 20-21 | - | താന്താണിക്കുളം നവീകരണം | - | 256709 |
| ജില്ലാ പഞ്ചായത്ത് | | 21-22 | 143000 | പാലിന് സബ്സിഡി – ജനറൽ – സ്പിൽ ഓവർ | 143000 | 0 |
| ജില്ലാ പഞ്ചായത്ത് | | 21-22 | 157000 | പാലിന് സബ്സിഡി – ജനറൽ | 157000 | |
| ആകെ | 256709 | | 42,49,322 | | 42,49,322 | 256709 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ

താഴെ കൊടുക്കുന്നു.

**2020-21 വർഷം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 130/21, പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, | 22001346/ 26.10.20 | 101000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| | ,, ,, | 2200826/ 26.10.20 | 142000 | - | ,, ,, |
| | ,, ,, | 22001497/ 12.2.21 | 63000 | - | ,, ,, |
| | ,, ,, | 22001496/ 12.2.21 | 175000 | - | ,, ,, |
| | ,, ,, | 22001652/ 24.3.21 | 27749 | - | ,, ,, |
| | ,, ,, | 22001348/ 26.10.20 | 160000 | - | ,, ,, |
| | | ആകെ | 668749 | | |

**2021-22 വർഷം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ടാങ്കർ | 327/5.3.2022 | 21,21,000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1) 4,19,399/- രൂപ ബിൽ നം 350/ തീയതി 11.3.2022<br>2)18,50,047/- രൂപ ബിൽ നം 332/ തീയതി 07.3.2022<br>3)20,65,953/-രൂപ ബിൽ നം 349/ തീയതി 11.3.2022<br>ആകെ 43,35,399/- രൂപ. | 4335399 | - | ,, ,, |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ | ജി.ഒ.(എം.എസ്) 2278/തസ്വഭവ തീ.18.8.2018 | 2496000 | 5428420 | 902000 | - | 4526420 |

## 4-6 സ്ഥിര നിക്ഷേപം

| ക്ര.നം. | അക്കൗണ്ട് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | Ex Engineer, NH Kodungallor, (SBI Kongorpilly), A/C No.-38230231127 | 25004 | Road Cutting |
| 2 | Ex Engineer, PWD. ട്രഷറി,ആലുവ | 57000 | Road Cutting 433602/ 25.04.2019 |
| | പലിശ | 1274 | |
| | ആകെ | 83278 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|---|
| 1 | 2013-14,14-15 | 3-4 | 2,932/- | ജൊബീന | 120100541/29.9.21 |
| 2 | 2003-04 | 3-8 | 550/- | കെ.എം. ഹമീദ് | 1201103210/17.12.21 |
| 3 | 2004-05 | 3-14 | 1,660/- | ബൈജു ആന്റണി | 1210103527/23.12.21 |
| 4 | 2013-14,14-15 | 3(1) | 9,268/- | ചന്ദ്രൻ | 1210103609/27.12.21 |
| 5 | 2007-18,18-19, 2009-10,10-11 | - | (1) 3,205/-<br>(2) 1,813 /- | പ്രസിഡന്റ്, ജമാ അത്ത് ചർച്ച് | (1)1210103620/27.12.21<br>(2)1210103620/27.12.21 |
| 6 | 2011-12 | 3-3 | 1,835/- | ദിലീപ് | 1201013878/29.12.21 |
| 7 | 2004-05 | 3-13 | 4,438/- | കെ.എം. വാസു | 1210103395/29.12.21 |
| 8 | 2014-15 | 3-2 | 29,211/- | കൃഷ്ണകുമാരി | 1210105367/4.2.22 |
| | | ആകെ | 54,912/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,46,54,008 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 13,60,52,724 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69,37,339 |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 77,080 | ഡോ. അഞ്ജിത ബോസ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-19 | 21,21,000 | ശ്രീ ജോർജ് വി., സെക്രട്ടറി |
| | 1,26,520 | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| 1-20 | 43,35,399 | ശ്രീ ജോർജ് വി., സെക്രട്ടറി |
| 1-21 | 1,38,670 | ശ്രീ മഹേഷ് കുമാർ, സെക്രട്ടറി |
| | 1,38,670 | ശ്രീ ജോർജ് വി., സെക്രട്ടറി |
| ആകെ | 69,37,339 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. അഞ്ജിത ബോസ് മെഡിക്കൽ ഓഫീസർ (ഹോമിയോ) ആലങ്ങാട് | മെഡിക്കൽ ഓഫീസർ (ഹോമിയോ), ആലങ്ങാട് | തീർത്ഥം, ജി.സി.ഡി.എ ടെമ്പിൾ റോഡ്, തോട്ടക്കാട്ടുകര, ആലുവ -8 |
| ശ്രീ ജോർജ് വി., സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത് | 1/2012-908, തോട്ടുമുക്കത്ത് ശക്തികുളങ്ങര, കൊല്ലം. |
| ശ്രീ.മഹേഷ് കുമാർ, സെക്രട്ടറി, ആലങ്ങാട് ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് | പുത്തൻ വീട്, കടുങ്ങല്ലൂർ, യു.സി. കോളേജ്(പി.ഒ.) ആലുവ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി5)/830/98 തീയതി 07/08/1999 |
| 1997-98 | എൽഎഫ്.ഇ.(പി5)/794/99 തീയതി 08/07/2000 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി6)/1940/08 തീയതി 29/01/2010 |
| 2003-04 | എൽ.എഫ്.ഇ.(പി6)/1938/08 തീയതി 29/01/2010 |
| 2004-05 | എൽ.എഫ്.ഇ.(പി5)/1590/09 തീയതി 30/03/2010 |
| 2007-08 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2008-09 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2009-10 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2010-11 | എൽ.എഫ്.ഇ.(പി5)1106/12 തീയതി 20/07/2012 |
| 2011-12 | എൽ.എഫ്.ഇ.(പി5)/873/13 തീയതി 18/06/2013 |
| 2012-13 | എൽ.എഫ്.ഇ.(പി11)/20/14 തീയതി 05/02/2015 |
| 2013-14 | കെ.എസ്.എ.-ഇ.കെ.എം (പി14)232/2016 തീയതി15.2.2016 |
| 2014-15 | |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി13)2122/2016 തീയതി13.12.2016 |

| | |
|---|---|
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (പി13)1654/2017 തീയതി 26.10.2017 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം (പി13)154/2019 തീയതി 11.03.2019 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം (പി13)1579/2019 തീയതി 15.11.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം (പി13)1800/ 2021 തീയതി. |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം (പി13)1801/21തീയതി.8.3.22 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്